(ബി) കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ ബസ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സർവ്വീസ് മാവേലിക്കരയിൽ നിന്നും ഗുരുവായൂരിലേക്കോ, തിരുവനന്തപുരത്തേക്കോ ആരംഭിക്കുന്നതിനുള്ള ഫീസിബിലിറ്റി സ്റ്റഡി അടക്കം ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് ഒരു നോൺ എ.സി. ലോ ഫ്ലോർ ബസ് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം ജില്ലാ കേന്ദ്രങ്ങൾക്കാണ് എ.സി. ലോ ഫ്ലോർ ബസുകൾ അനുവദിച്ചിരിക്കുന്നത് എന്നതിനാലും ഈ ബസുകൾക്ക് പ്രത്യേക പരിചരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുള്ളതിനാൽ മറ്റ് ഡിപ്പോകളിലേക്ക് നൽകുവാൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി.യിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പുനർനിയമനം

223 (4558) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ച ഏതെല്ലാം ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ.ടി.സി.-യിൽ പുനർനിയമനം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്നും അവരുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ചശേഷം കെ.എസ്.ആർ.ടി.സി.-യിൽ പുനർനിയമനം നൽകിയവരുടെ തസ്തികയും എണ്ണവും ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വിരമിച്ച തസ്തിക	എണ്ണം
ഡ്രൈവർ	50
സൂപ്രണ്ട്	9
കണ്ടക്ടർ	1
ടൈപ്പിസ്റ്റ്	1
എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) ആന്റ് സെക്രട്ടറി	1
ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ	1

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ നിയമിച്ച തസ്തികയും ശമ്പളവും ചുവടെ ചേർക്കുന്നു :

നിയമിച്ച തസ്തിക	എണ്ണം	ശമ്പളം രൂപയിൽ
ഡ്രൈവർ	50	380 per duty
ജൂനിയർ അസിസ്റ്റന്റ്	9	360 per duty
കണ്ടക്ടർ	1	360 per duty
ടൈപ്പിസ്റ്റ്	1	360 per duty
ജനറൽ മാനേജർ	1	40,000/ + T.A./D.A. per month
സ്പെഷ്യൽ ഓഫീസർ ടു സി.എം. ഡി.	1	ശമ്പളം നിശ്ചയിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്ര

224 (4559) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സൗജന്യ യാത്ര അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതു നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly